നദീസംയോജന പദ്ധതിയും വാട്ടർഗ്രിഡുകളും

162 (2717) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീസംയോജന പദ്ധതി കേരളത്തിന്റെ അനുമതിയില്ലാതെ നടപ്പാക്കില്ലെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ബന്ധപ്പെട്ട രേഖ ലഭ്യമാക്കുമോ ;

(ബി) സുപ്രീം കോടതി വിധിയെ തുടർന്ന് തമിഴ് നാടിന്റെ സമ്മർദ്ദഫലമായി കേന്ദ്ര സർക്കാർ വാട്ടർഗ്രിഡുകൾ സ്ഥാപിച്ചതായി വന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ ;

(സി) കേരളത്തിന്റെ പ്രകൃതിഘടനയെ തന്നെ തകർക്കാൻ കാരണമായേക്കാവുന്ന പദ്ധതിക്ക് അനുകൂലമായ സുപ്രീംകോടതി വിധിക്കെതിരെ അപ്പീൽ നൽകിയിരുന്നോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; സർക്കാർ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നദീസംയോജന പദ്ധതിയെ എതിർത്തുകൊണ്ടുള്ള കേരള സർക്കാരിന്റെ നിലപാട് ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ ആവർത്തിച്ച വ്യക്തമാക്കിയിട്ടുണ്ട്. 6-9-2006-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ 49-ാം ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ പ്രയോറിറ്റി ലിംഗിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജനം സംബന്ധിച്ചുള്ള നടപടികൾ ഒന്നുംതന്നെ തുടങ്ങുകയില്ലായെന്ന് ദേശീയ ജലവികസന ഏജൻസിയുടെ 19-12-2008, 16-7-2009, 23-12-2009, 7-9-2012, 12-3-2013 എന്നീ തീയതികളിൽ നടന്ന വിവിധ യോഗങ്ങളിൽ ധാരണയായിട്ടുണ്ട്. പ്രസ്തുത യോഗങ്ങളുടെ നടപടിക്കുറിപ്പിലെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം 1 മുതൽ അനുബന്ധം 6 വരെയായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുപ്രീംകോടതി വിധിയെത്തുടർന്ന് തമിഴ്നാടിന്റെ സമ്മർദ്ദ ഫലമായി കേന്ദ്രസർക്കാർ വാട്ടർഗേജുകൾ സ്ഥാപിച്ചതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സുപ്രീംകോടതി വിധിക്കെതിരെ കേരളം അപ്പീൽ നൽകിയിട്ടില്ല. നദീസംയോജനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി 27-2-2012-ൽ പുറപ്പെടുവിച്ച വിധിയിന്മേൽ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. വി. ഗിരിയുടെ നിയമോപദേശം കേരളം ലഭ്യമാക്കിയിട്ടുണ്ട്. നിയമോപദേശത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

'നദീസംയോജന പദ്ധതി നടപ്പാക്കുവാൻ വേണ്ടി സുപ്രീംകോടതി രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക സമിതിയിൽ (special committee) കേരളത്തിന്റെ പ്രതിനിധി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത സമിതിക്ക് നിയമപരമായ അധികാരങ്ങൾ (statutory powers)' ഉണ്ടായിരിക്കുന്നതല്ല, ശിപാർശകൾ നൽകുവാനുള്ള അധികാരമേ സമിതിക്ക് ഉണ്ടായിരിക്കുകയുള്ളൂ. സമിതിക്ക് മുമ്പാകെ സമർപ്പിക്കുവാനിടയുള്ള പദ്ധതികളിന്മേൽ കേരളത്തിന്റെ നിലപാട് തീർച്ചയായും പരിഗണിക്കേണ്ടതാണ്. കൂടാതെ സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ സമിതിയുടെ യാതൊരു ശിപാർശയും ഏതെങ്കിലും സംസ്ഥാനത്തോ/സംസ്ഥാനങ്ങളിലോ നടപ്പിലാക്കുവാൻ കഴിയുകയില്ല എന്നും നിയമോപദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നദീസംയോജനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ താൽപ്പര്യങ്ങളെ ബാധിക്കുന്ന ആശങ്കകളും അഭിപ്രായങ്ങളും കേരളത്തിന്റെ പ്രതിനിധി സമിതിക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.'

കേരളത്തിന്റെ സമ്മതമില്ലാതെ, സമിതിക്ക് യാതൊരു ശിപാർശയും ഭരണഘടനാപരമായോ (Constitutionaly) നിയമപരമായോ (legally) നടപ്പിലാക്കുവാൻ സാധിക്കുകയില്ലായെന്ന് ശ്രീ. വി. ഗിരി അദ്ദേഹത്തിന്റെ നിയമോപദേശത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേരളം 27-2-2012-ലെ കോടതി വിധിക്കെതിരെ അപ്പീൽ നൽകാതിരുന്നത്. സംസ്ഥാനത്തിന് ഒട്ടും ഉണകര മല്ലാത്തതും നദീസംയോജന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നതുമായ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നതിനെതിരെ കേരളം സാധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിക്കാറുണ്ട്. കേന്ദ്രജലവിഭവ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത 21-11-2014-ലെ യോഗത്തിലും സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി ടി പദ്ധതിക്കെതിരെ കാര്യകാരണസഹിതം എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly